## IV സബ്മിഷൻ

മി. ഡെപ്യൂട്ടി സ്പീക്കർ: കണ്ണൂർ വിമാനത്താവളത്തിന്റെ റൺവെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മൂന്ന് സബ്മിഷൻ നോട്ടീസുകൾ ലഭിച്ചിട്ടുണ്ട്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ 10-02-2025-നും ശ്രീ. കെ. വി. സുമേഷ് 12-03-2025-നും പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ 17-03-2025-നും നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സഭയിൽ ഹാജരാകുന്നില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സബ്മിഷൻ അവതരിപ്പിക്കാവുന്നതാണ്. അതോടൊപ്പം മുൻകൂട്ടി നോട്ടീസ് നൽകിയിരിക്കുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷിനും സംസാരിക്കാവുന്നതാണ്.

(1) കണ്ണൂർ വിമാനത്താവള വികസനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെ നിലവിലുള്ള 3050 മീറ്ററിൽനിന്നും 4000 മീറ്ററായി ദീർഘിപ്പിക്കുന്നതിന് 245.33 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി Right to Fair Compensation Act and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 അനുസരിച്ചുള്ള preliminary notification 17-09-2020-ന് സർക്കാർ പുറപ്പെടുവിച്ചു. തലശ്ശേരി താലൂക്കിലെ കീഴല്ലൂർ ദേശത്തും കാനാട് ദേശത്തുമായിട്ടാണ് ഈ ഭൂമി കിടക്കുന്നത്. 168 വീടുകളും ഫലഭൂയിഷ്ഠമായ മണ്ണുമുള്ള കാർഷിക മേഖലയായിരുന്നു ഈ പ്രദേശം. ഇതിന്റെ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കാത്തതുകാരണം സമാനതകളില്ലാത്ത ദുരിതമാണ് ഈ പാവപ്പെട്ടവർ അനുഭവിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം ഇറങ്ങിയതിനാൽ ഭൂമി ക്രയവിക്രയം ചെയ്യാൻ സാധിക്കുന്നില്ല. കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനോ വിവാഹ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഒരു ലോൺപോലും എടുക്കാൻ പറ്റുന്നില്ല. ഏകദേശം മുപ്പത് ഏക്കറോളം കൃഷി ഭൂമി

വിമാനത്താവളത്തിൽനിന്ന് ഒഴുകിവന്ന പാറക്കഷണങ്ങളും ചെളിയും നിറഞ്ഞ് നശിച്ചുപോയി. പ്രദേശവാസികളായ കർഷകരുടെ ഉപജീവനമാർഗ്ഗം നിലച്ചു. എട്ടുവീടുകൾ പൂർണ്ണമായും തകർന്നു. 2017-ൽ വിമാനത്താവളത്തിന്റെ ചുറ്റമതിൽ മഴവെള്ളപ്പാച്ചിലിൽ തകർന്ന് ഏഴ് വീടുകൾക്ക് നാശനഷ്ടങ്ങളുണ്ടായി. ആ ഭൂമിയിൽ നിലവിൽ കൃഷി ചെയ്യാനൊന്നും സാധിക്കുന്നില്ലായെന്ന് മാത്രമല്ല നോട്ടിഫിക്കേഷൻ വരുന്നതിനുമുമ്പ് എടുത്ത ലോണുകൾ അവർക്ക് തിരിച്ചടയ്ക്കുവാനും കഴിയുന്നില്ല. കാരണം അവരുടെ ഉപജീവനമാർഗ്ഗം ഇല്ലാതായി. ഇപ്പോൾ വർഷങ്ങളായുള്ള പലിശയും ചേർത്ത് ലോൺ റിക്കവറി നടത്തുന്നതിനായിട്ട് ജപ്തി നോട്ടീസുകൾ എല്ലാവർക്കും പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. എന്ത് ചെയ്യണമെന്നറിയാതെ എല്ലാവരും വല്ലാതെ നിൽക്കുന്ന അവസ്ഥയാണ്. ഇതുവരെ അന്തിമ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല. ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് വീണ്ടും അഞ്ച് തവണ കാലാവധി സർക്കാർ ദീർഘിപ്പിച്ചുനൽകിയെങ്കിലും ഭൂമി ഏറ്റെടുക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. 162 കുടുംബങ്ങൾക്ക് 10 സെന്റ് ഭൂമി വീതം നൽകി

പുനരധിവസിപ്പിക്കുന്നതിന് പതിനാല് ഹെക്ടറിൽ അധികം ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ടെങ്കിലും അതിലും ഒരു നടപടിയുമായിട്ടില്ല. അവിടെ താമസിക്കാനും പറ്റുന്നില്ല, വേറെ ഭൂമി കിട്ടുന്നുമില്ല, പണവും കിട്ടുന്നില്ല, ജപ്തി ആയിരിക്കുന്നു എന്നുള്ള സ്ഥിതിയുമാണ്. ഇതെല്ലാംകൂടി പരിഗണിച്ച് ഭൂമി ഏറ്റെടുക്കൽ വൈകിയതുമൂലം ജനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളും ദുരിതങ്ങളുംകൂടി പരിഗണിച്ച് അധിക നഷ്ടപരിഹാരം അനുവദിക്കുന്നതിനും സമയബന്ധിതമായി പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ഫൈനൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കുന്നതിനും ശ്രമിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ 4000 മീറ്ററായി ഉയർത്തുകയെന്ന വളരെ ശ്രദ്ധേയമായ പ്രവർത്തനമാണ് നടക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പ് പാർട്ടി സെക്രട്ടറിയായിരുന്ന ഘട്ടത്തിലും മുഖ്യമന്ത്രിയായി വന്നതിനുശേഷവും നമ്മുടെ വിമാനത്താവളം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ശക്തമായ ഇടപെടൽ

നടത്തുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തതാണ്. കാനാട്, കീഴല്ലൂർ മേഖലയിൽ 245 എക്കർ ഭൂമിയും അതോടൊപ്പം ഇതിന്റെ വിപുലീകരണത്തിന്റെ ഭാഗമായി അതിർത്തിയിൽ താമസിക്കുന്നവരുടെ ഏതാണ്ട് 25 ഏക്കർ ഭൂമിയും ഏറ്റെടുത്തിരുന്നു. അതോടൊപ്പം കീഴല്ലൂർ, കൂടാളി പഞ്ചായത്തുകളിൽ പുനരധിവാസത്തിനുവേണ്ടിയുള്ള 36 ഏക്കർ സ്ഥലവും ഏറ്റെടുക്കുകയുണ്ടായി. അവിടെ പുനരധിവാസ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമിയുടെ വാല്യുവേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. അവിടെ താമസിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾ പ്രായോഗികമായ ചില ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. അവരുടെ ഓട്ടേറെ സാമ്പത്തിക ക്രയവിക്രയത്തിനും വീടുകളുടെ പുനരുദ്ധാരണത്തിനും എല്ലാം ചില പ്രയാസങ്ങൾ അവർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിന് ഒട്ടേറെ ശ്രമങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്. ഈ വിഷയങ്ങൾ പരിഹരിക്കുന്നതിന് നിയോജകമണ്ഡലം എം.എൽ.എ. എന്ന നിലയിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ഇക്കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രായോഗികമായി ജനങ്ങൾ അനുഭവിക്കുന്ന ഈ

ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് ഗൗരവമായ വിഷയം തന്നെയാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം വസ്തുതപരമാണ്. ബഹുമാന്യയായ മട്ടന്നൂർ നിയമസഭാംഗം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഏറെക്കുറെ നിരന്തരമായി ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള പ്രശ്നവുമാണ്. അതിന്റെ ഭാഗമായി ചില നടപടികളിലേക്ക് നീങ്ങുന്നുണ്ട്. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതുമായി ബന്ധപ്പെട്ട് ഒരു യോഗം ചേരാൻ നിശ്ചയിച്ചിട്ടുമുണ്ട്. അതാണ് ആമുഖമായി എനിക്ക് പറയാനുള്ളത്.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഒന്നാംഘട്ടമായി 1713.33 ഏക്കർ ഭൂമി ഏറ്റെടുത്ത് കിയാലിന് കൈമാറിയിട്ടുണ്ട്. രണ്ടാംഘട്ടമായി 804.37 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയുമാണ്. വിമാനത്താവള വികസനത്തിന്റെ ഭാഗമായ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് 1970.05 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതിൽ കോളാരി, കീഴല്ലൂർ വില്ലേജുകളിൽപ്പെട്ട 21.81 ഏക്കർ ഭൂമി ഏറ്റെടുത്ത് കിൻഫ്രയ്ക്ക്

കൈമാറിയിട്ടുണ്ട്. കീഴൂർ, പട്ടാന്നൂർ വില്ലേജുകളിൽപ്പെട്ട 202.34 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുകയും തുടർനടപടി സ്വീകരിച്ചുവരികയുമാണ്. വിമാനത്താവളത്തിന്റെ റൺവേയുടെ നീളം 4000 മീറ്ററായി ദീർഘിപ്പിക്കുന്നതിന് കീഴല്ലൂർ വില്ലേജിലുൾപ്പെട്ട 245.33 ഏക്കർ ഭൂമി നോട്ടിഫൈ ചെയ്തിരുന്നു. റൺവേ എക്സ്റ്റൻഷന് 750 കോടി രൂപയും പുനരധിവാസത്തിന് 150 കോടി രൂപയും ഉൾപ്പെടെ 900 കോടി രൂപയുടെ നിർദേശം കണ്ണൂർ ജില്ലാ കളക്ടർ സമർപ്പിച്ചിരുന്നു. ഇത് സർക്കാരിന്റെ പരിശോധനയിലാണ്. കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജാണ് പദ്ധതി പ്രദേശത്തെ കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും മൂല്യനിർണ്ണയം നടത്തുന്നത്. 39 നിർമ്മിതികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടുണ്ട്. ഈ ഇനത്തിൽ 370466 രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അവശേഷിക്കുന്ന 162 നിർമ്മിതികളുടെ മൂല്യനിർണ്ണയം പൂർത്തിയാകുന്നമുറയ്ക്ക് തുക അനുവദിക്കുന്നതാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കുന്നവർക്ക് പകരം ഭൂമി അനുവദിക്കുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ഒരു പ്രത്യേക പാക്കേജ് ശിപാർശ ചെയ്യാൻ ജില്ലാ

കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. സുരക്ഷിതത്വം കണക്കിലെടുത്ത് വിമാനത്താവളത്തിന്റെ കാറ്റഗറി-I എയർപോർട്ട് ലൈറ്റിങ്ങിനായി ഏറ്റെടുത്ത ഭൂമിയോട് അടുത്ത് കിടക്കുന്ന 5 കുടുംബങ്ങളുടെ 71.85 സെന്റ് ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകിയിരുന്നു. ഈ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 4.32 കോടി രൂപ റിലീസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ 14 കുടുംബങ്ങളുടെ കൈവശ ഭൂമിയും വസ്തുവകകളും ഏറ്റെടുക്കുന്നതിനും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് സമയബന്ധിതമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യങ്ങൾ ബന്ധപ്പെട്ടവരുമായി വിശദമായി ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രി തലത്തിൽ ഈ മാസം യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കണമെന്നുതന്നെയാണ് സർക്കാർ കാണുന്നത്. സമയബന്ധിതമായ നടപടി അക്കാര്യത്തിലുണ്ടാകും.

(2) <u>പ്രവാസി ക്ഷേമ പദ്ധതികൾ</u>

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പ്രവാസികളുടെ ക്ഷേമത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നിലവിലുള്ള പ്രവാസി ക്ഷേമ ബോർഡിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ വർധിപ്പിക്കുന്നതിനുമാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇന്ത്യയിൽനിന്നും വിദേശരാജ്യങ്ങളിൽ ഏകദേശം മൂന്നേകാൽ കോടി പ്രവാസികൾ ജോലി ചെയ്യുന്നുണ്ടെന്നാണ് പറയപ്പെടുന്നത്. ഇവർ ഏകദേശം 11 ലക്ഷം കോടി രൂപ നാട്ടിലേക്ക് അയയ്ക്കുന്നുവെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ള സംസ്ഥാനവും അതോടൊപ്പം വിദേശരാജ്യങ്ങളിൽനിന്നുള്ള പണം ഏറ്റവും കൂടുതൽ ലഭിക്കുന്നതുമായ രണ്ട് സംസ്ഥാനങ്ങൾ കേരളവും മഹാരാഷ്ട്രയുമാണ്. ഇവരുടെ പണംകൂടി ഉപയോഗിച്ചാണ് സത്യത്തിൽ നമ്മുടെ രാജ്യവും സംസ്ഥാനവും പുരോഗതിയിലേയ്ക്ക് പോയിട്ടുള്ളത്. ഇങ്ങനെയുള്ള പ്രവാസികൾ ഇന്ന് ഏറ്റവുമധികം പ്രയാസം അനുഭവിക്കുകയാണ്. ഒന്നാമതായി പ്രവാസി ക്ഷേമ നിധിയിൽനിന്ന് അവർ അംശദായം എല്ലാം കൊടുത്തു

കഴിഞ്ഞ് അവസാനം അതിൽനിന്ന് പെൻഷൻ ലഭിക്കാൻവേണ്ടി അപേക്ഷ കൊടുത്താൽ 6 മാസം വരെ അതിനുവേണ്ടി കാത്തിരിക്കേണ്ടി വരുന്നു. ഇത് ഒഴിവാക്കണമെന്നുള്ളതാണ് ഒരു കാര്യം.

രണ്ടാമത് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ കൂട്ടത്തിൽ ഏറ്റവും കൂടുതലുള്ള അവിദഗ്ധ തൊഴിലാളികൾക്ക് ഇതുപോലെയുള്ള ക്ഷേമനിധിയെക്കുറിച്ചൊന്നും വലിയ അവബോധമുണ്ടാകില്ല. അവർ തിരിച്ച് വരുമ്പോൾ പ്രായം അമ്പതും അറുപതും കഴിഞ്ഞുപോകും. അതുകൊണ്ട് ക്ഷേമനിധിയിൽ ചേരാനുള്ള പ്രായപരിധി 60 എന്നത് 65 ആയി ഉയർത്തണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്ന മറ്റൊരു കാര്യം. തിരിച്ചെത്തുന്ന പ്രവാസികൾക്ക് മെച്ചപ്പെട്ട പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കുകയും സംസ്ഥാനം അത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുകയും വേണം. അതോടൊപ്പം ആരോഗ്യ സുരക്ഷാ പദ്ധതികൾ നടപ്പാക്കണം. നമുക്ക് എല്ലാവർക്കും അറിയാം അവർ ഹതാശരായിട്ടാണ് തിരിച്ചുവരുന്നത്. ഈ സമയത്ത് ഇവർക്ക് ഒരുപാട് ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നു. അവർക്ക് വലിയ സാമ്പത്തിക ബാധ്യത

ഏറ്റെടുത്തുകൊണ്ടുള്ള ചികിത്സയും മറ്റും വഹിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുന്നു. അതുകൊണ്ട് നമ്മുടെ സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്നതുപോലെ അവരുടെ പെൻഷനിൽനിന്നുതന്നെ ഒരു വിഹിതം പിടിച്ചുകൊണ്ട് അവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കണമെന്നതാണ് അടുത്ത ആവശ്യം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് ... കൺക്ലൂഡ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രവാസി ക്ഷേമ പെൻഷൻ വർധിപ്പിക്കുമെന്ന് നമ്മുടെ ഗവൺമെന്റിന്റെ നേരത്തെയുള്ള വാഗ്ദാനമാണ്. അതുകൊണ്ട് പ്രവാസി ക്ഷേമ പെൻഷൻ തുക വർധിപ്പിക്കണമെന്നും ഇതുപോലെയുള്ള ആവശ്യങ്ങളെല്ലാം എന്റെ ഈ സബ്മിഷൻ വഴി ഉന്നയിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലോകത്തെമ്പാടുമുള്ള പ്രവാസി മലയാളികളുടെ ക്ഷേമം ഉറപ്പാക്കുക, പരാതികൾ പരിഹരിക്കുക, അവകാശങ്ങൾ സംരക്ഷിക്കുക, മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുക, സംസ്ഥാനത്ത് പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കുക എന്നിവയാണ്

നോർക്ക വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ. നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖാന്തരം പ്രവാസികൾക്കായി സർക്കാർ വിവിധ ക്ഷേമപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തിരിച്ചെത്തുന്ന പ്രവാസികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി നടപ്പാക്കിയ ചികിത്സാ ധനസഹായ പദ്ധതിയാണ് 'സാന്ത്വന' , പ്രവാസി പുനരധിവാസ പദ്ധതിയായ NDPREM, പ്രവാസികളുടെ ഏകോപന പുനഃസംയോജന പദ്ധതിയായ 'പ്രവാസി ഭദ്രത' , 'തൊഴിൽ പോർട്ടൽ' , നോർക്ക വാണിജ്യ കേന്ദ്രം എന്നിങ്ങനെ വിവിധ പദ്ധതികളുണ്ട്. 18 വയസ്സിനും 60 വയസ്സിനും ഇടയ്ക്ക് പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അംശദായം അടയ്ക്കുന്നവർക്കാണ് ബോർഡിൽനിന്നും ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. നിലവിൽ 8 ലക്ഷത്തോളം അംഗങ്ങളും 70000-ത്തോളം പെൻഷൻകാരുമാണുള്ളത്. കൂടാതെ പ്രതിമാസം 8000-ത്തോളം പ്രവാസികൾ പുതുതായി അംഗത്വത്തിന് അപേക്ഷിക്കുകയും 2000-ത്തോളം പേർ പുതിയതായി പെൻഷന് അർഹത നേടുകയും ചെയ്തിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഇതിൽ വൻവർധനവുണ്ടായ സാഹചര്യത്തിൽ പരമാവധി

വേഗത്തിൽ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. പുതുതായി പെൻഷനും ആനുകൂല്യങ്ങളും അനുവദിക്കപ്പെടുന്നവരുടെ എണ്ണം വർധിച്ചുവരുന്നതിനാൽ പെൻഷൻ തുക വർധിപ്പിക്കുന്ന കാര്യവും ക്ഷേമനിധി അംഗത്വത്തിനുള്ള പ്രായപരിധി ഉയർത്തുന്ന കാര്യവും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് സത്വര പരിഹാരത്തിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ പ്രവാസി പരാതി പരിഹാര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികൾ രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പരാതികളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പ്രവാസി മലയാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേമം ഉറപ്പാക്കുന്നതിനും പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷനും പ്രവർത്തിച്ചുവരുന്നുണ്ട്. പ്രവാസി മലയാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നോർക്ക റൂട്ട്സ് മുഖേന നടപ്പാക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രവാസികൾക്കായി നിലവിലുള്ള ക്ഷേമപദ്ധതികൾ

കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കാലോചിതമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സർക്കാർ ഊന്നൽ നൽകിവരുന്നു.

## 3. ഈറ്റ, മുള, കാട്ടുവള്ളി, തഴ തൊഴിലാളികളുടെ അംശദായം

ശ്രീ. ജി. സ്റ്റീഫൻ: സർ, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് സംസ്ഥാന സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന അംശദായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതാണ് ഈ സബ്മിഷൻ. കേരളത്തിലെ പരമ്പരാഗത ഈറ്റ, മുള, കാട്ടുവള്ളി, തഴ, ചൂരൽ തുടങ്ങിയവ കൊണ്ടുള്ള ഉൽപന്നങ്ങളുടെ നിർമ്മാണം നടത്തുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി 1998-ൽ രൂപീകരിച്ചതാണ് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്. ഒരു ലക്ഷത്തിലധികം തൊഴിലാളികൾ ജോലിയെടുക്കുന്നതിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. പരമ്പരാഗതമായി മേൽപ്പറഞ്ഞ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഉൽപന്നങ്ങൾ നിർമ്മിക്കുകയും വിൽപന നടത്തി ഉപജീവനം നടത്തുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുമായ തൊഴിലാളികളാണ് ഈ ക്ഷേമനിധിയിൽ

അംഗങ്ങളായിട്ടുള്ളത്. ക്ഷേമനിധി ബോർഡിന്റെ ഫണ്ട് കളക്ഷൻ വർധിപ്പിക്കുന്നതിനായി ആര്യനാട് പഞ്ചായത്തിൽ ഒരു കളക്ഷൻ സെന്റർ 2022 ആഗസ്റ്റ് മാസം 2 മുതൽ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ആക്ടിലെ (4)-ാം വകുപ്പുപ്രകാരം ഇത്തരം വസ്തുക്കളുപയോഗിച്ചുകൊണ്ടുള്ള ഉൽപന്നങ്ങളുടെ വില്പന നടത്തുന്ന വ്യാപാര സ്ഥാപനങ്ങൾ അവരുടെ വില്പനത്തുകയുടെ ഒരു ശതമാനം തുക ക്ഷേമനിധിയിലേക്ക് അംശദായമായി അടയ്ക്കേണ്ടതുണ്ട് എന്ന് പ്രതിപാദിക്കുന്നുണ്ട്. സംസ്ഥാനത്ത് അങ്കമാലിയിൽ ഒരു ഓഫീസ് മാത്രം പ്രവർത്തനമുള്ള ഈ ക്ഷേമനിധി ബോർഡിന് നിലവിൽ ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനും മേൽതുക വസൂലാക്കുന്നതിനും പരിമിതികളുണ്ട്. എന്നാൽ ഇത്തരം സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് എടുത്ത് പ്രവർത്തനം തുടങ്ങുമ്പോൾത്തന്നെ അവരുടെ ലൈസൻസ് വ്യവസ്ഥകളിൽ ഈ വിഷയം ഉൾപ്പെടുത്താനും ലൈസൻസ് ഫീസിനോടൊപ്പം ഈ തുകകൂടി പിരിച്ചെടുത്ത് ക്ഷേമനിധി ബോർഡിലേക്ക് അടയ്ക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായാൽ പാർശ്വവൽക്കരിക്കപ്പെട്ട ഇത്തരം തൊഴിലാളികളുടെ

ക്ഷേമപ്രവർത്തനങ്ങൾക്കായി ക്ഷേമനിധി ബോർഡിന് കൂടുതൽ വരുമാനം കണ്ടെത്താൻ സാധിക്കും. പഞ്ചായത്തിൽ ലൈസൻസ് എടുക്കാൻ വരുമ്പോൾത്തന്നെ മേൽപ്പടി ക്ഷേമനിധി ബോർഡിൽ 20/- രൂപയടച്ച് രജിസ്ട്രേഷൻ നടത്തണമെന്നുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തണം. ഈ ബോർഡിലൂടെ തൊഴിലാളികൾക്ക് 11 ഇനം സഹായങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലൈസൻസ് നൽകുന്നതിനോടൊപ്പം ഈ തുകകൂടി പിരിച്ചെടുത്ത് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അടയ്ക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 23-10-2017-ലെ ഉത്തരവുപ്രകാരം ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് വ്യാപാര

സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിന് തിരിച്ചറിയൽ കാർഡ്, സർട്ടിഫിക്കറ്റ് എന്നിങ്ങനെ രണ്ട് രേഖകൾ മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായി ലൈസൻസ് നൽകുന്നത് സംബന്ധിച്ച് കൂടുതൽ നിബന്ധനകൾ ഏർപ്പെടുത്തുന്നത് അഭികാമ്യമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് നിശ്ചയിക്കുന്ന രീതി അവസാനിപ്പിച്ച് നിലവിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്. ഇക്കാരണത്താൽ കേരളത്തിലെ പരമ്പരാഗത ഈറ്റ, മുള, കാട്ടുവള്ളി, തഴ, ചൂരൽ തുടങ്ങിയവ ഉപയോഗിച്ചുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതും വിപണനം ചെയ്യുന്നതുമായ സ്ഥാപനങ്ങളുടെ വിറ്റുവരവ് എത്രയാണെന്ന് കണ്ടെത്തുന്നതിന് മാർഗ്ഗമില്ല. അതിനാൽ വില്പനത്തുകയുടെ ഒരു ശതമാനം ക്ഷേമനിധി ഇനത്തിലേക്ക് അംശദായമായി കണ്ടെത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. മേൽസാഹചര്യത്തിൽ ഇത്തരം വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കുന്ന അവസരത്തിൽ മുൻവർഷത്തെ വില്പനത്തുകയുടെ ആനുപാതികമായ അംശദായം

ക്ഷേമനിധിയിലേക്ക് അടച്ചിട്ടുണ്ടെന്ന സത്യവാങ്മൂലംകൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്ന നിബന്ധന ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

4. ശാസ്താംകോട്ട കായലിന്റെ സമീപവാസികൾക്ക് പട്ടയം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട വില്ലേജിൽ ശാസ്താംകോട്ട തടാകതീരത്തിന് സമീപത്തായി വർഷങ്ങളായി താമസിക്കുന്ന പതിമൂന്നിലധികം കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ല. ശാസ്താംകോട്ട തടാകം റാംസർ സൈറ്റിലുൾപ്പെട്ടതിനാലാണ് പട്ടയം നൽകാൻ സാധിക്കാത്തത് എന്നാണ് പ്രധാനപ്പെട്ട തടസ്സവാദമായി പറയുന്നത്. മറ്റൊരുകാര്യം, ഇവിടെ താമസിക്കുന്ന കുടുംബങ്ങൾക്ക് വീട്ടുനമ്പറും വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനുമുണ്ടെങ്കിലും ഭൂമിയുടെ അവകാശം ഇന്നേവരെ ലഭ്യമായിട്ടില്ല. അതുപോലെ പടിഞ്ഞാറേകല്ലട വില്ലേജിൽ എൺപതിലധികം കുടുംബങ്ങൾക്ക് പട്ടയമുണ്ടെങ്കിലും വീട് നിർമ്മിക്കുന്നതിനുള്ള സാഹചര്യമില്ല. ഈ തടാകം CRZ (Coastal Regulation Zone)-ലും റാംസർ സൈറ്റിലുമുൾപ്പെട്ടതിനാലും അവിടെയുള്ള

ജനങ്ങൾക്ക് ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ വർധിച്ചുവരികയാണ്. ഐക്യകേരളം രൂപീകരിച്ചതിനുശേഷം കേരളത്തിൽ ഏറ്റവും കൂടുതൽ പട്ടയം നൽകിയ അംഗീകാരം ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്ക് ഞാൻ വളരെ സന്തോഷപൂർവം നൽകുകയാണ്. 25 വർഷത്തോളമായി ഈ സഭയിലെ അംഗമെന്ന നിലയിൽ കേരളത്തിൽ മറ്റ് റവന്യൂ വകുപ്പുമന്ത്രിമാരേക്കാൾ ഏറ്റവും കൂടുതൽ പട്ടയം നൽകുകയും അതിൽ കൊല്ലം ജില്ലയിലെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എസ്. സുപാൽ എം.എൽ.എ.-യുടെ മണ്ഡലത്തിലെ വനം മേഖലയിൽ നിരവധി കുടുംബങ്ങൾക്കും ശ്രീ. എം. മുകേഷ് എം.എൽ.എ.-യുടെ കൊല്ലം മണ്ഡലത്തിലെ കടൽത്തീരത്ത് താമസിക്കുന്ന 5000 ആളുകൾക്കും പട്ടയം നൽകുകയും ചെയ്ത വേദിയിൽ ഞാനും പങ്കെടുത്തിരുന്നു. എന്റെ മണ്ഡലത്തിലുള്ള വിഷയം ഒരു മൈന്യൂട്ട് വിഷയമായതിനാൽ ശാസ്താംകോട്ട തടാകതീരത്ത് താമസിക്കുന്നവർക്കും പടിഞ്ഞാറേകല്ലടയിൽ താമസിക്കുന്ന എൺപതോളം കുടുംബങ്ങൾക്കും ഞാൻ മുമ്പ് സൂചിപ്പിച്ച നടപടികൾ പൂർത്തീകരിച്ചുകൊണ്ട് പട്ടയം നൽകി

സഹായിക്കണമെന്ന ആവശ്യം ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. ചില നിയമ നടപടിക്രമങ്ങളാൽ പട്ടയം നൽകാൻ സാധിക്കാത്ത വിധത്തിലുള്ള പ്രയാസങ്ങൾ ബഹുമാനപ്പെട്ട അംഗംതന്നെ സഭയെ അറിയിക്കുകയുണ്ടായി. കൊല്ലം കുന്നത്തൂർ താലൂക്കിലെ ശാസ്താംകോട്ട വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ലെ റീസർവെ 127-ൽ ഉൾപ്പെട്ട 386.14 ഹെക്ടർ സ്ഥലമാണ് യഥാർത്ഥത്തിൽ ശാസ്താംകോട്ട കായലായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ തീരത്തുള്ള പുറമ്പോക്ക് വസ്തുവകകളും മറ്റും ശാസ്താംകോട്ട കായലിന്റെ വൃഷ്ടിപ്രദേശമായതിനാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ റാംസർ സൈറ്റിലുൾപ്പെട്ടുവരുന്നതും സംരക്ഷിക്കപ്പെടേണ്ടതുമാണ്. റാംസർ സൈറ്റുകൾ അന്താരാഷ്ട്രപ്രാധാന്യമുള്ള തണ്ണീർതടാകങ്ങളാണ്, അവയുടെ ജൈവവൈവിധ്യത്തിനും സുസ്ഥിര ഉപയോഗത്തിനും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇന്ത്യയിലാകെയുള്ള 89 റാംസർ സൈറ്റുകളിൽ കേരളത്തിലെ അഷ്ടമുടി,

ശാസ്താംകോട്ട, വേമ്പനാട് എന്നീ തടാകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇവ സംരക്ഷിക്കേണ്ടതും നിലനിർത്തേണ്ടതും സർക്കാരിന്റെ ചുമതലയാണ്. ശാസ്താംകോട്ട കായലിന്റെ തീരത്തായി ശാസ്താംകോട്ട, മൈനാഗപ്പള്ളി, പടിഞ്ഞാറേകല്ലട എന്നീ വില്ലേജുകളിൽ ഏകദേശം പതിനഞ്ചോളം കുടുംബങ്ങൾ 30 വർഷങ്ങളായി വീടുവച്ച് താമസിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ജില്ലാ റവന്യൂ അസംബ്ലി ഉൾപ്പെടെയുള്ള റവന്യൂ വകുപ്പിന്റെ വിവിധയോഗങ്ങളിൽ വളരെ ഗൗരവത്തോടെ ഈ പ്രശ്നം സൂചിപ്പിച്ചിട്ടുമുണ്ട്. റാംസർ സൈറ്റുകളിലുൾപ്പെട്ടുവരുന്ന പ്രദേശങ്ങളിൽ അനധികൃത നിർമ്മാണപ്രവർത്തനങ്ങളും കൈയേറ്റങ്ങളും നിയമപ്രകാരം നിരോധിച്ചിട്ടുള്ളതും പാരിസ്ഥിതിക ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടുന്ന രീതിയിലുള്ള യാതൊരു പ്രവർത്തനങ്ങളും നിയമപ്രകാരം അനുവദനീയമല്ലാത്തതുമാണ്. ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുപോലെ പ്രസ്തുത പ്രദേശം കായൽ പുറമ്പോക്കായതിനാൽ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിവിന് വിധേയമല്ലാത്തതുമാണ്. എന്നാൽ ഇവരെ പുനരധിവസിപ്പിക്കുകയെന്നുള്ളത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്,

ഇക്കാര്യം വളരെക്കാലമായി ബഹുമാനപ്പെട്ട അംഗം ഉന്നയിക്കുകയും ചെയ്യുന്നുണ്ട്. സ്വാഭാവികമായി സഭയിൽ ഉന്നയിച്ച സബ്മിഷന്റെ അടിസ്ഥാനത്തിൽ ഇവരെ പുനരധിവസിപ്പിക്കാൻ അനുയോജ്യമായ ഭൂമി കണ്ടെത്തി ശിപാർശ സമർപ്പിക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർക്ക് പ്രത്യേകമായ നിർദേശം നൽകുന്നതാണ്. അതോടൊപ്പം പടിഞ്ഞാറേകല്ലടയിൽ CRZ-ലുൾപ്പെടുന്ന സ്ഥലത്ത് വീടുണ്ടെങ്കിൽ പ്രസ്തുത സ്ഥലത്തെ പട്ടയം ലഭിക്കുന്നതിന് പ്രശ്നമില്ല, എന്നാൽ പട്ടയം ലഭിച്ച ഭൂമിയിൽ വീട് എന്നുള്ളതാണ് പ്രശ്നം. ഇക്കാര്യംകൂടി ചർച്ച ചെയ്യുന്നതിലേക്കായി ബഹുമാനപ്പെട്ട അംഗത്തെയും പങ്കാളിയാക്കി ഉയർന്ന ഉദ്യോഗസ്ഥരുമായുള്ള ഒരു യോഗം സഭാ കാലയളവിൽ വിളിച്ചുചേർക്കാമെന്ന കാര്യംകൂടി ഈ ഘട്ടത്തിൽ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

### 5. കറ്റോട് പാലം നവീകരണം

ശ്രീ. മാത്യു ടി. തോമസ്: സർ, എന്റെ മണ്ഡലമായ തിരുവല്ലയിൽനിന്നും ജില്ലാതലസ്ഥാനമായ പത്തനംതിട്ടയിലേക്ക് പോകുന്ന തിരുവല്ല-കുമ്പഴ റോഡിൽ ഒരു ബോട്ടിൽനെക്കായി നിലനിൽക്കുന്ന സ്ഥലമാണ് വീതി കുറഞ്ഞ

കറ്റോട് പാലം. ടി പാലം വീതി കൂട്ടി പുനർനിർമ്മിക്കുന്നതിനായി 4 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ട് 2 വർഷങ്ങൾ കഴിയുന്നു. പാലത്തിനോടുചേർന്ന് മണിമലയാറ്റിൽനിന്നും കവിയൂർ പുഞ്ചയിലേക്ക് കൃഷിയാവശ്യത്തിനായി വെള്ളം പമ്പുചെയ്യുന്ന ഒരു ഷട്ടർ മാറ്റി സ്ഥാപിച്ചാൽ മാത്രമേ പാലത്തിന` വീതികൂട്ടാൻ സാധിക്കുകയുള്ളൂ. പ്രസ്തുത ജോലികൾ ജലവിഭവ വകുപ്പാണ് ചെയ്യേണ്ടത്. ഇതിനാവശ്യമായ ഭരണാനുമതി നൽകി ഷട്ടർ അവിടെനിന്നും മാറ്റിസ്ഥാപിച്ച് കറ്റോട് പാലത്തിന്റെ വീതികൂട്ടുന്നതിനുള്ള മരാമത്ത് ജോലികൾക്കായുള്ള എല്ലാ തടസ്സവും നീക്കിത്തരണമെന്നതാണ് എന്റെ സബ്മിഷൻ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, തിരുവല്ല കോഴഞ്ചേരി സംസ്ഥാന പാതയിൽ കറ്റോട് തോടിന് കുറുകെ സ്ഥിതിചെയ്യുന്ന കറ്റോട് ഷട്ടർ വെള്ളപ്പൊക്ക സമയത്ത് മണിമലയാറിൽനിന്ന് കവിയൂർ പുഞ്ചയിലേക്കും Upstream ഭാഗത്തുള്ള കോളനിയിലേക്കും വെള്ളം കയറാതിരിക്കാനും തിരികെ കറ്റോട് വലിയ തോട്ടിൽനിന്നും വെള്ളം ഇറക്കിവിടാനുമായിട്ടാണ് ഉപയോഗിച്ചുവരുന്നത്. “ Replacement of

Irrigation Shutter near Kattodu bridge across Kattodu Valiyathodu in Thiruvalla Municipality in Thiruvalla Constituency" എന്ന പ്രവൃത്തിക്ക് 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് സിവിൽ വിഭാഗം പ്രവൃത്തികൾ നടപ്പാക്കുന്നതിന് കരാറുകാരനുമായി ഉടമ്പടിയിലുമേർപ്പെട്ടു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ സിവിൽ പ്രവൃത്തികളും മെക്കാനിക്കൽ പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നത്. നിലവിൽ ഉണ്ടായിരുന്ന ഷട്ടർ അറ്റകുറ്റപ്പണി നടത്തി മാറ്റിസ്ഥാപിക്കുന്നതിലേക്കായി മേൽഭരണാനുമതിയിൽ ഉൾപ്പെടുത്തിയിരുന്നു. മെക്കാനിക്കൽ പ്രവൃത്തികൾക്കായി ഉൾപ്പെടുത്തിയിരുന്ന തുക പര്യാപ്തമായിരുന്നില്ല. തുടർന്ന് മെക്കാനിക്കൽ വിഭാഗം നടത്തിയ പരിശോധനയിൽ നിലവിലുള്ള ഷട്ടറുകൾ റിപ്പയർ ചെയ്യേണ്ടതില്ലെന്ന് കണ്ടെത്തുകയുണ്ടായി.

കൂടാതെ, കറ്റോട് ബ്രിഡ്ജ് വീതികൂട്ടി പുനർനിർമ്മിക്കുന്നതിനായി 16-05-2023-ൽ പി.ഡബ്ല്യു.ഡി. 396 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. പ്രവൃത്തികൾക്കുവേണ്ടി ടി ഷട്ടർ പ്രസ്തുത സ്ഥലത്തുനിന്ന് മാറ്റി സ്ഥാപിക്കേണ്ടത് അനിവാര്യമായി. മേൽസാഹചര്യത്തിൽ സ്ഥലത്തെ

നിലവിലെ സൈറ്റ് കണ്ടീഷൻ അനുസരിച്ച് IDRB (Irrigation Design and Research Board)-യിൽനിന്നും ഡിസൈൻ ലഭ്യമാക്കി ആയതിൻപ്രകാരം " Replacement of Irrigation Shutter near Kattodu bridge across Kattodu Valiyathodu in Thiruvalla Municipality in Thiruvalla Constituency" പ്രവൃത്തിക്ക് 122 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ അവിടെ നടപ്പാക്കേണ്ടതായും ടി റോഡിന്റെ നിർമ്മാണം പൂർത്തിയാക്കണമെങ്കിൽ ഈ ബ്രിഡ്ജിന്റെ വീതി കൂട്ടേണ്ടത് അനിവാര്യവുമാണ്. ഇക്കാര്യം വളരെ പോസിറ്റീവായി പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 6. ചേറ്റുവ അഴിമുഖത്തെ മണ്ണ് നീക്കം ചെയ്യൽ

ശ്രീ. എൻ. കെ. അക്ബർ: സർ, തൃശ്ശൂർ ജില്ലയിലെ അഴിമുഖങ്ങളിൽ ഒന്നായ ചേറ്റുവ അഴിമുഖത്തും അതിനോട് ചേർന്നുള്ള കായൽ പ്രദേശങ്ങളിലും വലിയ രീതിയിൽ എക്കലും മണ്ണും അടിഞ്ഞ് തീരപ്രദേശങ്ങളിൽ വെള്ളം കയറുന്ന സാഹചര്യം നിലവിലുണ്ട്. എക്കലും മണ്ണും നീക്കം ചെയ്യാത്തതുമൂലം

തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ വലിയ പ്രയാസത്തിലാണ്. ജില്ലയിലെതന്നെ ഏക ഹാർബർ നിലനിൽക്കുന്നതും ചേറ്റുവയിലാണ്. ഈ സാഹചര്യത്തിൽ അഴിമുഖ പ്രദേശങ്ങളിലെ പുഴകളിൽ അടിയന്തരമായി മണ്ണും എക്കലും നീക്കംചെയ്യുന്ന നടപടിയുണ്ടാകേണ്ടതാണ്. 2018-19 വർഷങ്ങളിലുണ്ടായ പ്രളയത്തെ തുടർന്നാണ് ചേറ്റുവ അഴിമുഖ പ്രദേശങ്ങളിലും അതിനോട് ചേർന്ന് കിടക്കുന്ന കാളമന കായൽ, ചേറ്റുവ കായൽ, കനോലി കനാൽ പ്രദേശങ്ങളിൽ എക്കലും മണ്ണും അടിഞ്ഞിരിക്കുന്നത്. ഇതുമൂലം മൺസൂൺ കാലങ്ങളിലും വേനൽക്കാലങ്ങളിലും വേലിയേറ്റ സമയത്തും വലിയ രീതിയിൽ ഉപ്പുവെള്ളം കയറുകയും ചെയ്യുന്നതുമൂലം തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള ജനങ്ങൾ വലിയ കഷ്ടത അനുഭവിക്കുകയാണ്. നിലവിൽ ഈ വേനലിൽ വേലിയേറ്റത്തോടൊപ്പം ഉപ്പുവെള്ളം കരയിലേക്ക് കയറിക്കൊണ്ടിരിക്കുകയാണ്. ഏങ്ങണ്ടിയൂർ, കടപ്പുറം, ഒരുമനയൂർ പഞ്ചായത്തുകളിൽ കൃഷിനാശം, കുടിവെള്ളം മലിനമാകൽ, വീടുകളിൽ വെള്ളം കയറൽ തുടങ്ങിയ പ്രശ്നങ്ങൾമൂലം ജനങ്ങൾ വലിയ ബുദ്ധിമുട്ട്

അനുഭവിക്കുകയാണ്. കായലിൽ എക്കലും മണ്ണും നിറഞ്ഞിരിക്കുന്നതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. എക്കലും മണ്ണും നീക്കംചെയ്യുന്നതിന് നിരവധി പദ്ധതികൾ പറഞ്ഞുകേട്ടിരുന്നെങ്കിലും ഇവയൊന്നും യാഥാർത്ഥ്യമായില്ല. ചേറ്റുവ പ്രദേശത്തെ കായലുകളിൽനിന്നും എക്കലും മണ്ണും അടിയന്തരമായി നീക്കംചെയ്യാൻ നടപടിയുണ്ടാകണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ അഴിമുഖത്തും അതിനോട് ചേർന്നുള്ള കായൽ പ്രദേശങ്ങളിലും എക്കലും മണലും നീക്കുന്നതിന്റെ ഭാഗമായി ചേറ്റുവ പാലം മുതൽ കാളമന കായൽ വരെയും പുളിക്കകടവ് പാലം മുതൽ ചേറ്റുവ അഴിമുഖം വരെയുമുള്ള ഭാഗങ്ങളിൽ KERI (Kerala Engineering Research Institute) Peechi മുഖേന sedimentation സർവേ നടത്തി നീക്കംചെയ്യേണ്ടതായ മണ്ണിന്റെ അളവ് 64.32 ലക്ഷം $m^3$ ആണെന്ന് കണ്ടെത്തിയിട്ടുണ്ട്.

മുനക്കകടവ് മുതൽ ചേറ്റുവ പാലം വരെയുള്ള ഭാഗത്ത് എക്കലും മണലും നീക്കംചെയ്യുന്നതിനായി ചേറ്റുവ പുഴ ചെളി നീക്കി ആഴംകൂട്ടൽ എന്ന 160 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രവൃത്തി നടപ്പാക്കുന്നതിന് തൃശ്ശൂർ ജില്ലാ

പഞ്ചായത്തിന് നിർദേശം നൽകിയതനുസരിച്ച് തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നിരാക്ഷേപപത്രം അനുവദിച്ചിട്ടുണ്ട്.

ചേറ്റുവ ഹാർബർ ഭാഗത്ത് അടിഞ്ഞുകൂടിയ എക്കലും മണലും നീക്കം ചെയ്യുന്നതിനായി ഹാർബർ എഞ്ചിനീയറിങ് വകുപ്പ് നിലവിൽ പ്രവൃത്തി നടപ്പാക്കിവരുന്നുണ്ട്. ഇക്കാര്യങ്ങൾ സംയുക്തമായി ആലോചിച്ച് നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## 7. വഴുതക്കാട്-പൂജപ്പുര റോഡ് വികസനം

ശ്രീ. ആന്റണി രാജു: സർ, തിരുവനന്തപുരം നഗരത്തിലെ റോഡുകളുടെ വികസനത്തിൽ ശ്രദ്ധേയമായതും തിളക്കമായതുമായ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയോട് അക്കാര്യത്തിൽ പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു. തിരുവനന്തപുരം നഗരത്തിൽ ഗതാഗതക്കുരുക്ക് അവശേഷിക്കുന്ന പ്രദേശമാണ് വഴുതക്കാട്-പൂജപ്പുര റോഡ്. നഗരത്തിൽനിന്നും കാട്ടാക്കടയിലേക്കും മറ്റ് കിഴക്കൻ പ്രദേശങ്ങളിലേക്കുമുള്ള ഏറ്റവും

സുപ്രധാനമായ റോഡാണ് വഴുതക്കാട്-പൂജപ്പുര റോഡ്. വഴുതക്കാട്-പൂജപ്പുര റോഡും ജഗതി-ഡി.പി.ഐ. ജംഗ്ഷനുകളും വികസിപ്പിക്കേണ്ടതുണ്ട്. ഇതോടൊപ്പം ബേക്കറി ജംഗ്ഷൻ മുതൽ വഴുതക്കാട് വഴി ഡി.പി.ഐ. ജംഗ്ഷൻവരെയും ജഗതി പാലം മുതൽ പൂജപ്പുര വരെയുമുള്ള റോഡുകളും ജഗതി-ഇടപ്പഴഞ്ഞി, ജഗതി-മേട്ടുക്കട റോഡുകളും വീതി കൂട്ടേണ്ടതുണ്ട്. തലസ്ഥാന നഗരിയിലെ ഏറ്റവുമധികം ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന വഴുതക്കാട്-പൂജപ്പുര റോഡും അനുബന്ധ റോഡുകളും ജംഗ്ഷനുകളുടെയും വികസനം അടിയന്തരമായി നടപ്പാക്കാൻ വേണ്ട നിർദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സംസ്ഥാനത്ത് തലസ്ഥാന നഗരിയിലെ റോഡ് വികസനം എൽ.ഡി.എഫ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം മുൻഗണനാ പദ്ധതികളിൽപ്പെടുത്തിയിട്ടുള്ളതാണ്. നഗരത്തിലെ റോഡ് വികസന പദ്ധതികളിൽ നഗരത്തിലെ ജനപ്രതിനിധികൾ, തിരുവനന്തപുരം കോർപ്പറേഷനുൾപ്പെടെ എല്ലാവരെയും യോജിപ്പിച്ച് പൊതുമരാമത്ത് വകുപ്പ്

നിരന്തരം ഇടപെടലുകൾ നടത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. തലസ്ഥാന നഗര റോഡുകളുടെ വികസനം അടുത്ത ഘട്ടത്തിലേക്ക് നീങ്ങുന്ന സമയമാണിത്. തിരുവനന്തപുരം നഗരത്തിലെ ഏറ്റവും തിരക്കേറിയ റോഡുകളിലൊന്നായ ബേക്കറി, വഴുതക്കാട്, പൂജപ്പുര റോഡുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാന്യനായ അംഗം ശ്രീ. ആന്റണി രാജു ഇവിടെ ഉന്നയിച്ചത്. ഈ റോഡിലെ ജഗതി-ഡി.പി.ഐ. ജംഗ്ഷൻ വികസനം കിഫ്ബി ഫണ്ടുപയോഗിച്ച് സംസ്ഥാനത്തെ 20 ജംഗ്ഷനുകൾ വികസിപ്പിക്കുന്ന പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ ജഗതി, ഡി.പി.ഐ. ജംഗ്ഷനുകളുടെ വികസനവും ജഗതി പാലം വരെയുള്ള റോഡ് വികസനവും രണ്ടാം ഘട്ടത്തിൽ ജഗതി പാലം മുതൽ പൂജപ്പുര ജംഗ്ഷൻ വരെയും ഡി.പി.ഐ. ജംഗ്ഷൻ മുതൽ ഗവൺമെന്റ് വിമൻസ് കോളേജ് ജംഗ്ഷൻ വരെയുമാണ് വികസിപ്പിക്കുന്നത്. ആദ്യ ഘട്ടത്തിൽ വഴുതക്കാട് പോലീസ് ക്വാർട്ടേഴ്സ് മുതൽ ജഗതി പാലം വരെ 675 മീറ്ററും ജഗതി മുതൽ ഗവൺമെന്റ് വിമൻസ് കോളേജ് റോഡുവരെ 140 മീറ്ററും ഡി.പി.ഐ.-മേട്ടുക്കട

60 മീറ്ററും ജഗതി-മേട്ടുക്കട 75 മീറ്ററും ജഗതി-ഇടപ്പഴഞ്ഞി 175 മീറ്ററുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഭൂമിയേറ്റെടുക്കലുൾപ്പെടെ 20.34 കോടി രൂപ വരുന്ന ഒന്നാം ഘട്ടത്തിന്റെ ഡി.പി.ആർ. അംഗീകാരത്തിനായി കിഫ്ബിക്ക് കൈമാറിയിരിക്കുകയാണ്. ഭൂമിയേറ്റെടുക്കുന്നതിന് മാത്രമായി 10.79 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. അതനുസരിച്ച് ഭൂമിയേറ്റെടുക്കൽ പ്രവൃത്തിക്കായി അർഥനാപത്രം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. അതിനുവേണ്ടി 6 (1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിജ്ഞാപനമനുസരിച്ച് അതിരടയാളക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉടൻ ആരംഭിക്കും. ഏകദേശം 8809.44 ചതുരശ്ര മീറ്റർ ഭൂമിയാണ് ഒന്നാം ഘട്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്നത്. രണ്ടാം ഘട്ടത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആവശ്യമായ പരിശോധനകളും അനുബന്ധ പ്രവൃത്തികളും നടന്നുവരികയാണ്. ഈ റോഡിൽ ബാക്കിയുള്ള ബേക്കറി ജംഗ്ഷൻ-വഴുതക്കാട്-ഡി.പി.ഐ. വരെയുള്ള റോഡും ബേക്കറി ജംഗ്ഷനിൽനിന്ന് ഗവൺമെന്റ് വിമൺസ് കോളേജ് വരെയുള്ള റോഡും വീതി കൂട്ടുന്നതിനായുള്ള പ്രവൃത്തിക്കായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽനിന്നും

ഇൻവെസ്റ്റിഗേഷനുവേണ്ടി 6,70,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. അതോടൊപ്പം, തിരുവനന്തപുരം നഗരത്തിലെ മറ്റൊരു തിരക്കേറിയ ജംഗ്ഷനായ വെള്ളയമ്പലം ജംഗ്ഷന്റെ വികസനത്തെ സംബന്ധിച്ചുള്ള പരിശോധനകളും പൊതുമരാമത്ത് വകുപ്പ് നടത്തുന്നുണ്ട്. വെള്ളയമ്പലം ജംഗ്ഷൻ മുതൽ മ്യൂസിയം-എൽ.എം.എസ്. ജംഗ്ഷൻ വരെയുള്ള റോഡിന്റെ വികസനം സംബന്ധിച്ച് സാധ്യതാ പഠനം നടത്തുന്നതിന് കേരളാ റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ വാഹന സാന്ദ്രതയനുസരിച്ച് തിരുവനന്തപുരം നഗരത്തിലെ പശ്ചാത്തല വികസനം സാധ്യമാക്കാനുള്ള ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്. സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നഗരത്തിലെ 12 റോഡുകൾ നിലവിൽ ഹൈടെക് റോഡുകളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണെന്നുള്ള കാര്യം സഭയെ അറിയിക്കുകയാണ്. മാനവീയംവീഥി ലോകം ശ്രദ്ധിക്കുന്ന നഗര കേന്ദ്രങ്ങളിലൊന്നായി മാറി. വെള്ളയമ്പലം-ആൽത്തറ-തൈക്കാട് റോഡ് വീതി കൂട്ടി നവീകരിച്ചതോടെ ഗതാഗതം കൂടുതൽ സുഗമമായി മാറി. ഇങ്ങനെ

തലസ്ഥാനത്തെ ഗതാഗതസൗകര്യം ഉയർന്ന നിലവാരത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അതിന് പ്രതിജ്ഞാബദ്ധമാണ് പൊതുമരാമത്ത് വകുപ്പും സർക്കാരും എന്നുള്ളത് പ്രത്യേകം ഈ സഭയെ അറിയിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ മന്ത്രിമാർ, എം.എൽ.എ.-മാർ, തിരുവനന്തപുരം കോർപ്പറേഷനുൾപ്പെടെ എല്ലാവരെയും യോജിപ്പിച്ചുകൊണ്ടാണ് ഇത്തരം പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്നത്.

8. മിനി ഊട്ടി റോഡ് നവീകരണം

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നാണ് മിനി ഊട്ടി. നൂറുകണക്കിന് ആളുകളാണ് ഓരോ ദിവസവും ഇവിടെ വന്നുപോകുന്നത്. എന്നാൽ മിനി ഊട്ടിയിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ട രണ്ട് റോഡുകളുണ്ട്. ഒന്ന്, മൈലാടി-വെള്ളൂർ-അരിമ്പ്ര റോഡ്. മറ്റൊന്ന്, പാലക്കാട്-കോഴിക്കോട് ദേശീയപാത 966-ലെ മൊറയൂറിൽ നിന്ന് ആരംഭിക്കുന്ന മൊറയൂർ-വാലഞ്ചേരി-അരിമ്പ്ര-ഊരകം-എൻ.എച്ച്. കോളനി റോഡും. ഈ രണ്ട് റോഡും പരിപൂർണ്ണമായും തകർന്ന് ഗതാഗത യോഗ്യമല്ലാതെ ആയിരിക്കുകയാണ്. മലപ്പുറം, കൊണ്ടോട്ടി, വേങ്ങര എന്നീ

മൂന്ന് മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പ്രസ്തുത റോഡിലൂടെ പ്രധാനമായും മിനി ഊട്ടിയിലേക്കുള്ള ടൂറിസ്റ്റുകളും മിനി ഊട്ടി ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ക്വാറിയിലേക്കും ക്രഷറിലേക്കുമുള്ള വാഹനങ്ങളും സ്ഥിരമായി പോകുകയാണ്. ക്രഷറിൽനിന്നും ക്വാറിയിൽനിന്നുമുള്ള ഭാരമേറിയ വാഹനങ്ങൾ നിരന്തരം ഇതിലൂടെ കടന്നുപോകുന്നതിനാൽ ഈ റോഡിലെ പല ഇടങ്ങളും തകർന്നിരിക്കുകയും ബാക്കി ഭാഗങ്ങൾ തകർച്ച ഭീഷണിയിലുമാണ്. റോഡിൽ രൂപപ്പെട്ടിട്ടുള്ള വലിയ കുഴികൾ കാരണവും അതിതീവ്ര മഴയിൽ റോഡിന്റെ പല ഭാഗവും തകർന്നത് കാരണവും ആസ്തി വികസന പ്രവൃത്തിയിൽ മാത്രം ഈ റോഡുകൾ ഗതാഗത യോഗ്യമാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ രണ്ട് റോഡുകളും 2025-26 വർഷത്തെ ബജറ്റിൽ നൂറ് രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെട്ടതുമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ പ്രവർത്തിക്കുന്ന ഈ പ്രദേശത്തേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കേണ്ടത് ഏറെ അനിവാര്യമാണ്. മൊറയൂർ, വാലഞ്ചേരി, അരിമ്പ്ര, ഊരകം, എൻ.എച്ച്. കോളനി റോഡ് അടിയന്തരമായി ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ പുനരുദ്ധരിക്കേണ്ടതുണ്ട്. ആയതിന്

പ്രൈസ് ഐ.ഡി. PWD/RB/EST/105147 പ്രകാരം 6 മുതൽ 10 കിലോമീറ്റർവരെ 1601.10 ലക്ഷം രൂപയും പ്രൈസ് ഐ.ഡി. RD/2021/1476 പ്രകാരം 10 മുതൽ 14 കിലോമീറ്റർവരെ 747.80 ലക്ഷം രൂപയും എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷംതന്നെ സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ഇതുവരെയും ഫണ്ട് ലഭ്യമായിട്ടില്ല. അതിനാൽ എത്രയും വേഗം ഫണ്ട് ലഭ്യമാക്കി നവീകരണ പ്രവൃത്തികൾ ആരംഭിക്കേണ്ടതാണ്. കിലോമീറ്റർ 1/600 മുതൽ 6 വരെയുള്ള ഭാഗവും ഇപ്പോഴും തകർന്ന് കിടക്കുകയാണ്. ഈ ഭാഗവും ബി.എം. ആൻഡ് ബി.സി. ചെയ്ത് പുനരുദ്ധരിക്കേണ്ടതാണ്. ഇതിന്റെ മറ്റൊരു അനുബന്ധ റോഡായ മൊറയൂർ, അരിമ്പ്ര, പൂക്കോട്ടൂർ റോഡ് ടെൻഡർ നടപടി പൂർത്തിയായിട്ട് നാളുകളായി. പക്ഷെ, ഇതുവരെയും അതിന്റെ പണി ആരംഭിച്ചിട്ടില്ല. അതുകൊണ്ട് ഈ റോഡുകൾ അടിയന്തരമായി ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ച് അടിയന്തരമായി ജനങ്ങൾക്ക് ഈ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് സുഗമമായി എത്തിച്ചേരാനുള്ള സാഹചര്യമൊരുക്കണമെന്ന് അഭ്യർഥിക്കുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മലപ്പുറം ജില്ലയിലെ ടൂറിസം കേന്ദ്രമായ മിനി ഊട്ടിലേക്കുള്ള രണ്ട് റോഡുകൾ ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർത്തണമെന്നാണ് ബഹുമാന്യനായ എം.എൽ.എ. ശ്രീ. പി. ഉബൈദുള്ള ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. അക്കാര്യം വളരെ ഗൗരവത്തിൽത്തന്നെ പരിശോധിക്കുന്നതാണ്. ഈ ഗവൺമെന്റ് 2021 മേയ് മാസം 20-ന് അധികാരത്തിൽ വരുമ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ 50 ശതമാനം റോഡുകൾ ബി.എം.ആൻഡ് ബി.സി. റോഡുകളാക്കി മാറ്റി തീർക്കണമെന്ന ലക്ഷ്യം കണ്ടുകൊണ്ടാണ് മുന്നോട്ടുപോയിട്ടുള്ളത്. അത് സർക്കാരിന്റെ പ്രഖ്യാപിത നിലപാട് കൂടിയായിരുന്നു. 30000 കിലോമീറ്റർ റോഡുകളിൽ 50 ശതമാനം (അതായത് 15,000 കിലോമീറ്റർ) റോഡുകൾ ബി.എം.ആൻഡ് ബി.സി. നിലവാരത്തിൽ നവീകരിക്കുകയെന്നത് വലിയൊരു കാര്യമാണ്. നമ്മുടെ രാജ്യത്ത് ഏറ്റവും ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്താവുന്ന നിർമ്മാണ രീതിയാണ് ബി.എം. ആൻഡ് ബി.സി. അതിന് ചെലവ് കൂടുതലാണ്. ഒരു കിലോമീറ്ററിന് ചിപ്പിംഗ് കാർപ്പറ്റ് റോഡ്

നിർമ്മാണത്തേക്കാൾ അൻപത് ലക്ഷത്തിലധികം രൂപ ചെലവ് അധികമാണ്. തുടക്കം മുതൽ ഈ ലക്ഷ്യം വച്ചുകൊണ്ട് മുന്നോട്ടുപോയപ്പോൾ, 5 വർഷംകൊണ്ട് 50 ശതമാനം റോഡുകളെയും ബി.എം.ആൻഡ് ബി.സി. റോഡുകളാക്കുകയെന്ന ലക്ഷ്യം മൂന്നര വർഷംകൊണ്ട് സർക്കാരിന് പൂർത്തീകരിക്കാനായെന്നുള്ള സന്തോഷവിവരം സഭയെ അറിയിക്കുകയാണ്. കേരളത്തിൽ നിലവിൽ 60 ശതമാനത്തിലധികം റോഡുകൾ ബി.എം.ആൻഡ് ബി.സി. റോഡുകളായി മാറിയിട്ടുണ്ട്. മലപ്പുറം നിയോജകമണ്ഡലത്തിൽ ആകെ 144 കിലോമീറ്റർ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുള്ളതിൽ 101 കിലോമീറ്റർ റോഡും ബി.എം.ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർത്തി. സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ് മലപ്പുറം നിയോജകമണ്ഡലത്തിലെ ബി.എം. ആൻഡ് ബി.സി. റോഡുകൾ എന്ന വസ്തുതകൂടി അദ്ദേഹം സഭയെ അറിയിക്കേണ്ടതായിരുന്നു. നമുക്കിനിയും ഇത് സാധ്യമാകുന്ന ഇടങ്ങളിലൊക്കെതന്നെ ബി.എം. ആൻഡ് ബി.സി. റോഡുകളാക്കി മാറ്റാം. ഈ പറയുന്ന രണ്ടുറോഡുകളുടെ കാര്യത്തിൽ എന്ത് നടപടി ചെയ്യാനാകുമെന്ന് പരിശോധിച്ച് സഭയെ അറിയിക്കുന്നതാണ്.

## 9. അങ്കമാലി-കുണ്ടന്നൂർ ബൈപാസ് നിർമ്മാണം

ശ്രീ. റോജി എം. ജോൺ: സർ, അങ്കമാലി നിയോജമണ്ഡലത്തിന്റെ വളരെ നാളുകളായിട്ടുള്ള ഒരു സ്വപ്നമാണ് അങ്കമാലി ബൈപാസ് യഥാർത്ഥ്യമാകുമെന്നുള്ളത്. അതിന് കിഫ്ബി പദ്ധതിയിൽ അനുമതി ലഭിച്ചെങ്കിലും നിരവധി വർഷങ്ങളായി അതിന്റെ ഭൂമിയേറ്റെടുക്കൽ നടപടികൾ അനന്തമായി നീണ്ടുപോകുകയാണ്. ഭൂമിയേറ്റടുക്കുന്ന എല്ലാ പദ്ധതികൾക്കും സർവെയർമാരുടെ അഭാവംമൂലം അത് നീണ്ടുപോകുകയും ഇതിന്റെ പദ്ധതി ചെലവുൾപ്പെടെ വർധിച്ചുവരുന്നതും സംസ്ഥാനത്തിനുതന്നെ ബാധ്യതയായി വരുന്നൊരു കാഴ്ചയാണെന്ന് നമുക്കറിയാം. അങ്കമാലി ബൈപാസിന്റെ കാര്യത്തിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ എത്രയുംവേഗം പൂർത്തീകരിച്ച് അവിടെയുള്ള ഭൂ ഉടമകൾക്ക് പണം ലഭ്യമാക്കുന്നതിലേക്ക് കടക്കേണ്ടതായിട്ടുണ്ട്. അതുപോലെ എറണാകുളം പട്ടണത്തിലെ ഗതാഗതക്കുരുക്കിന് വലിയ ആശ്വാസം പകരുന്നൊരു സ്വപ്ന പദ്ധതിയാണ് അങ്കമാലി-കുണ്ടന്നൂർ ബൈപാസ്. ഇതിന്റെ 3(A) വിജ്ഞാപനം ഇറങ്ങി ആറ് മാസം കഴിഞ്ഞിട്ടും ഏതാനും വില്ലേജുകളിൽ മാത്രമാണ് അതിന്റെ കല്ലിടൽ

നടപടികൾ പൂർത്തീകരിച്ചിരിക്കുന്നത്. പാലക്കാട് NHAI പ്രോജക്റ്റ് ഡയറക്ടറുടെ നേതൃത്വത്തിലാണ് കല്ലിടൽ നടപടികൾ പുരോഗമിക്കുന്നത്. 18 വില്ലേജുകളിൽ ഇതിന്റെ കല്ലിടൽ നടത്തി ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ പ്രവൃത്തി അനന്തമായി നീണ്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. അഞ്ച് മാസം കഴിയുമ്പോൾ 3(D) വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. പക്ഷെ ഈ കല്ലിടൽ കർമ്മ നടപടികളും സർവെ നടപടികളും അനന്തമായി നീണ്ടുപോകുമ്പോൾ ഒരു വർഷംകഴിഞ്ഞാൽ ചിലപ്പോൾ പ്രസ്തുത പദ്ധതി പുതുക്കിയ അനുമതി ലഭിക്കേണ്ടൊരു സാഹചര്യമുണ്ടാകും. നമ്മൾ ഭൂമിയേറ്റെടുക്കാൻ വൈകിയതിന്റെ പേരിൽ കേന്ദ്ര സർക്കാരിന്റെ തുടർനടപടികളിലേക്ക് കടക്കുന്നതിൽ തടസ്സങ്ങളുണ്ടാകാൻപോലും സാധ്യതകളുണ്ട്. ടി സാഹചര്യത്തിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനുവേണ്ടിയിട്ടുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. നിലവിൽ മരട് ഭാഗത്തുനിന്ന് ഒരു പ്രത്യേക ടീമിനെക്കൂടി നിയോഗിച്ചുകൊണ്ട് കല്ലിടൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. 1956-ലെ നാഷണൽ ഹൈവേ ആക്ട്

അനുസരിച്ചിട്ടാണ് ഭൂമിയേറ്റെടുക്കൽ ഇപ്പോൾ നടക്കുന്നത്. 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമമനുസരിച്ച് ഈ ഭൂമി ഏറ്റെടുക്കണമെന്നും അതനുസരിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാക്കണമെന്നുമുള്ളതാണ് ഭൂ ഉടമകളുടെ നാളുകളായിട്ടുള്ളൊരു ആവശ്യം. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരുകാര്യം അഭ്യർത്ഥിക്കാനുള്ളത്, അങ്കമാലി-കുണ്ടന്നൂർ ബൈപാസ് യഥാർത്ഥ്യമാകുന്ന കാര്യത്തിൽ ഞങ്ങളെല്ലാ എം.എൽ.എ.-മാരും കൃത്യമായ ഇടപെടൽ നടത്തുന്നവരാണ്. എറണാകുളം പട്ടണത്തിന്റെ ഒരു പ്രധാന ബൈപാസ് എന്ന നിലയിൽ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകൈയെടുത്ത്, സാധിക്കുമെങ്കിൽ ഈ നിയമസഭാ സമ്മേളന കാലയളവിൽത്തന്നെ ഒരു യോഗം വിളിച്ച് നമുക്ക് ഇക്കാര്യങ്ങളെ എത്രയും വേഗം മുന്നോട്ടുകൊണ്ടുപോകുന്നതിന് ഇടപെടലുണ്ടാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, അങ്കമാലി-കുണ്ടന്നൂർ ബൈപാസ്, അങ്കമാലി ബൈപാസ് എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ടാണ് ബഹുമാന്യനായ അംഗം ശ്രീ. റോജി എം. ജോൺ ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. ദേശീയപാത 544-ലെ വാഹനസാന്ദ്രത കണക്കിലെടുത്താണ് ബൈപാസ് നിർമ്മിക്കുന്നതിന് തീരുമാനിച്ചത്. സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തതോടെയാണ് അങ്കമാലി-കുണ്ടന്നൂർ ബൈപാസ് സാധ്യമാക്കുന്നത്. പ്രസ്തുത ബൈപാസ് നിർമ്മാണത്തിന് ചരക്കുസേവന നികുതിയും റോയൽറ്റിയും ഒഴിവാക്കി 424 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത വഹിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ദേശീയപാത 66-ന് സ്ഥലമേറ്റെടുക്കലിന്റെ 25 ശതമാനമായ 5580 കോടി രൂപ നൽകിയത്. ചരിത്രത്തിലാദ്യമായിട്ടാണ് ഒരു സംസ്ഥാന സർക്കാർ ഇങ്ങനെ പണം നൽകിയത്. അതിനുപുറമെയാണ് തിരുവനന്തപുരം ഔട്ടർ റിങ് റോഡ്, കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് ഹൈവേ, അങ്കമാലി-കുണ്ടന്നൂർ ബൈപാസ്

എന്നിവയ്ക്കാണ് 2370.59 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത സംസ്ഥാനം ഏറ്റെടുക്കുന്നത്. അതിന് പലകാരണമുണ്ട്, അതിനെസംബന്ധിച്ച് ഞാനിപ്പോൾ വിശദീകരിക്കുന്നില്ല. പശ്ചാത്തല വികസനമേഖലയിൽ നിശ്ചയദാർഢ്യത്തോടെ എൽ.ഡി.എഫ്. സർക്കാർ പ്രവർത്തിക്കുന്നതിന്റെ ഭാഗമായാണ് പ്രസ്തുത നടപടി സ്വീകരിച്ചിട്ടുള്ളത്. നിലവിൽ അങ്കമാലി-കുണ്ടന്നൂർ ബൈപാസിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. 29-08-2024-ൽ 3A പ്രകാരമുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. സർവെ നടപടികൾ പൂർത്തിയായതിനുശേഷം 3D നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് നഷ്ടപരിഹാര വിതരണത്തിലേക്ക് കടക്കുമെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കാൻ തീരുമാനിച്ച അങ്കമാലി ബൈപാസ് സ്ഥലമേറ്റെടുക്കൽ ഘട്ടത്തിലാണ്. പദ്ധതിക്കായി 275.52 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ-യെ നിർവഹണ ഏജൻസിയായി നിശ്ചയിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. അങ്കമാലി വില്ലേജിലെ

പൊന്നുംവില നടപടികളിൽ ഉൾപ്പെട്ടുവരുന്ന സ്ഥലങ്ങളിലെ നിലവിലെ ന്യായവില രജിസ്റ്റർ പുനർനിർണ്ണയം നടത്തി കരട് വിജ്ഞാപനം ഫോർട്ട് കൊച്ചി സബ് കളക്ടർ 28-01-2025-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ന്യായവില പുനർനിർണ്ണയം പൂർത്തിയായാൽ തുടർനടപടികളിലേക്ക് കടക്കും. നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മറ്റ് എം.എൽ.എ.-മാരെക്കൂടി പങ്കെടുപ്പിച്ച് ഒരു യോഗം വിളിച്ചുചേർക്കാം. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി നിയോജകമണ്ഡലത്തിന് 437.7 കോടി രൂപയുടെ പ്രവൃത്തികളാണ് പൂർത്തിയാക്കിയതും നടന്നുകൊണ്ടിരിക്കുന്നതുവെന്നുള്ളതും അറിയിക്കുന്നു. സ്ഥലമേറ്റെടുക്കൽ നടക്കുന്നതുമായ പ്രവൃത്തികളുമുണ്ട്. കേരളത്തിൽ എല്ലായിടത്തും ഇങ്ങനെയുള്ള ഇടപെടൽ നടത്തുന്നു. അങ്കമാലി നിയോജകമണ്ഡലത്തിലെ ദീർഘകാലത്തെ പല പ്രശ്നങ്ങളും ഇക്കഴിഞ്ഞ എട്ട്-ഒൻപത് വർഷത്തിനിടയിൽ സർക്കാർ

ഇടപെട്ടിട്ടുണ്ട്. അവിടെയും പ്രത്യേകം പദ്ധതി പൂർത്തീകരിക്കാൻ ഇടപെടുന്നതാണ്.

10. <u>നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ</u>

<u>ശ്രീ. ഇ. കെ. വിജയൻ</u>: നാദാപുരം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു. അക്കാര്യം ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നേരിട്ട് അവിടെ സന്ദർശിച്ച് വിലയിരുത്തിയതാണ്. പക്ഷേ ഇടക്കാലത്ത് അതിന്റെ പ്രവർത്തനം നിലച്ചിരുന്നെങ്കിലും വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത് എപ്പോൾ കമ്മിഷൻ ചെയ്യാൻ കഴിയും; നിലവിൽ അവിടൊരു ഡോക്ടറുടെ കുറവുള്ളതിനാൽ അതുകൂടി പരിഹരിച്ച് നൽകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): നാദാപുരം നിയോജകമണ്ഡലത്തിൽ ഗ്രാമീണമേഖലയിലെ ജനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്ന ആശുപത്രിയാണ് നാദാപുരം താലൂക്കാശുപത്രി.

ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ കിഫ്ബി ധനസഹായത്തോടെ അവിടെ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ടി 1,57,00,000/- രൂപ അനുവദിച്ചിരുന്നു. KHRWS (Kerala Health Research and Welfare Society) നിർവഹണ ഏജൻസിയായി കെട്ടിടവും മറ്റ് അനുബന്ധ ഭൗതിക സൗകര്യങ്ങളുൾപ്പെടെ സജ്ജീകരിച്ചിട്ടുണ്ട്. ജലലഭ്യത ഉറപ്പുവരുത്തുന്നതിന് തൂണേരി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് വിതരണ ഉത്തരവ് കമ്പനിക്ക് നൽകുകയും ഉപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പത്ത് ബെഡും പത്ത് ഡയാലിസിസ് ഉപകരണങ്ങളുമാണുള്ളത്. യൂണിറ്റ് പ്രവർത്തനം ആരംഭിച്ചാൽ ദിനംപ്രതി 40 പേർക്ക് ഡയാലിസിസ് നടത്താൻ സാധിക്കും. ഡയാലിസിസ് യൂണിറ്റിന്റെ സിവിൽ ആൻഡ് ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിച്ചിരുന്നെങ്കിലും പ്രസ്തുത ആശുപത്രിയിലെ നിലവിലുള്ള വൈദ്യുതി സംവിധാനത്തിന് പുതിയ ഡയാലിസിസ് യൂണിറ്റിന്റെ പവർ വഹിക്കാനുള്ള ശേഷിയില്ലെന്ന് കെ.എസ്.ഇ.ബി.എൽ. കണ്ടെത്തിയതിനാൽ ടി ആശുപത്രിക്ക് എച്ച്.ടി. കണക്ഷൻ

നിർദേശിച്ചിരുന്നു. ലോഡ് ഉയർത്തുന്നതിനായി പുതിയ ട്രാൻസ്ഫോമർ സ്ഥാപിച്ച് എച്ച്.ടി. കണക്ഷൻ ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 45,30,000/- രൂപയുടെയും കെ.എസ്.ഇ.ബി.എൽ. നാദാപുരം അസിസ്റ്റന്റ് എഞ്ചിനീയർ 6,75,000/- രൂപയുടെയും എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ തൂണേരി ബ്ലോക്ക് പഞ്ചായത്ത് 53,00,000/- രൂപ അനുവദിക്കുകയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൂടി പൂർത്തീകരിച്ചാൽ ഉടൻതന്നെ ബഹുമാനപ്പെട്ട എം.എൽ.എ. നിരന്തരമായി ഇടപെടുന്ന ഈയൊരു വിഷയം പരിഹരിക്കാൻ സാധിക്കും.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഡോക്ടേഴ്സിന്റെ കാര്യത്തിൽ, നിലവിൽ അവിടെ 13 ഡോക്ടർമാരടക്കം 61 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണുള്ളത്. എൻ.എച്ച്.എം. വഴി 3 ഡോക്ടർമാരെയും തദ്ദേശസ്വയംഭരണ വകുപ്പുവഴി 1 ഡോക്ടറെയും നിയമിച്ചിട്ടുണ്ട്. നിലവിൽ 2 ഒഴിവുകളാണ് അവിടെയുള്ളത്. ജനറൽ മെഡിസിനിൽ ഒരു ജൂനിയർ കൺസൾട്ടന്റ് ഒഴിവുണ്ട്. ഇതിൽ സംസ്ഥാനത്ത് ആകെ 7 പേരാണുള്ളത്.

അതിന് യോഗ്യത നേടിയിട്ടുള്ളവർ ഇല്ലെന്നുള്ള കാരണത്താൽ നാദാപുരം താലൂക്കാശുപത്രിയിലെ ഒഴിവ് നികത്താനായിട്ടില്ല; എന്നാലത് നികത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. ജനറൽ സർജറിയിൽ ഒഴിവുണ്ട്. പക്ഷേ അത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. അത് unauthorized absence ആണ്. ഇത്തരത്തിലുള്ള unauthorized absence കണ്ടെത്തുന്നതിന് ആരോഗ്യ വകുപ്പ് മികച്ച രീതിയിലുള്ള എക്സർസൈസ് നടത്തുന്നുണ്ട്. അതിന്റെ ഫലമായി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ 455 അനധികൃത ഒഴിവുകൾ കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള ആളുകൾ പതിനഞ്ചും പതിനെട്ടും വർഷമായി അനധികൃതമായി ലീവിലുള്ളവരാണ്. 3 സ്പെഷ്യലിസ്റ്റടക്കം 56 പേർക്കെതിരെ നടപടി സ്വീകരിച്ച് പുറത്താക്കിയിരുന്നു. വേറെ 14 പേരെ കണ്ടെത്തിയിട്ടുണ്ട്. അവരെയും ഒരു മാസത്തിനുള്ളിൽ പുറത്താക്കും. ശേഷിക്കുന്നവർക്കെതിരെയും നടപടി സ്വീകരിക്കും. മൂന്ന് മുതൽ നാല് മാസത്തിനകം ഇവരെയും പുറത്താക്കി പുതിയ ആളുകളെ പി.എസ്.സി. ലിസ്റ്റ് പ്രകാരം നിയമിക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.